# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# രക്ഷ
**യൂണിറ്റ് C**

## പഠനം 1. ഒരു എത്യോപ്യൻ രക്ഷ പ്രാപിച്ചു

**വായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 8:26–39**

പേര്.............................................

**താക്കോൽവാക്യം:– അപ്പോസ്തലപ്രവൃത്തികൾ 8:35**

**"ഫിലിപ്പോസ് ഈ തിരുവെഴുത്ത് ആധാരമാക്കി അവനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി"**




ഈ അവസാന പഠന പരമ്പരയിൽ നാം രക്ഷയെന്ന വിഷയത്തെ ആസ്പദമാക്കി നാല് വ്യക്തികളുടെയോ വ്യക്തി സമൂഹങ്ങളുടേയോ രക്ഷയുടെ സ്വീകരണത്തെക്കുറിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതെന്താണെന്ന് നാം ശ്രദ്ധിക്കുവാൻ പോകുന്നത്.

കിഴക്കേ ആഫ്രിക്കയിലുള്ള ഒരു രാജ്യമായ എത്യോപ്യയിലുള്ള ഒരു മനുഷ്യന്റെ ജീവിതത്തോട് ബന്ധപ്പെട്ടാണ് നാം ഈ പഠനം നടത്തുന്നത്.

**1. ഒരു മനുഷ്യൻ** രാജ്ഞിയുടെ വിശ്വസ്തനും ഉന്നതനായ ഉദ്യോഗസ്ഥനുമായിരുന്നു ഇദ്ദേഹം എന്ന് 27-ാം വാക്യം വ്യക്തമാക്കുന്നു. ദൈവത്തെ മനസ്സിലാക്കുന്നതിലൂടെ ലഭിക്കുന്ന സംതൃപ്തിയെ അന്വേഷിക്കുന്നയാളായിരുന്നു ഇദ്ദേഹമെന്ന് ദൈവത്തെ ആരാധിക്കുവാൻ യെരുശലേമിലേക്ക് (ഏകദേശം 1000 മൈൽ) യാത്ര ചെയ്തു വന്ന വസ്തുത സൂചിപ്പിക്കുന്നു. അവന്റെ സ്ഥാനവും ധനവും അവന് യഥാർത്ഥ സമാധാനം നൽകുന്നതിൽ പരാജയപ്പെട്ടു. നാം ഇന്ന് ഉപയോഗിക്കുന്ന വാക്കുകളാൽ തനിക്ക് ഈ കാര്യം വെളിപ്പെടുത്തുവാൻ കഴിയുകയില്ലയെങ്കിലും താനും യേശുകർത്താവിലൂടെയുള്ള രക്ഷ അന്വേഷിച്ച് കണ്ടെത്തേണ്ടത് ആവശ്യമായിരുന്നുവെന്ന വസ്തുത നിലനിൽക്കുന്നു. ഇതിനോടുള്ള ബന്ധത്തിൽ നാം എല്ലാവരും ഒരേപോലെയാണ്– നമുക്കെല്ലാവർക്കും തന്നെ ദൈവത്തിന്റെ രക്ഷ ആവശ്യമാണ്.

**2. ഒരു കൂടിക്കാഴ്ച** നമ്മുടെ ജീവിതത്തിലെ സകല സാഹചര്യങ്ങളുടെ മേലും ദൈവത്തിന്റെ നിയന്ത്രണം ഉണ്ടെന്നും നമ്മുടെ അനുഗ്രഹങ്ങൾക്കായി അവൻ സംഭവങ്ങളെ ക്രമീകരിക്കുന്നുവെന്നും നാം വിശ്വസിക്കുന്നു. ഈ എത്യോപ്യനോടുള്ള ബന്ധത്തിൽ, അവൻ യാത്ര ചെയ്ത അതേ വഴിയിലേക്കാണ് ദൈവം തന്റെ ദാസനായ ഫിലിപ്പോസിനെ അയച്ചത്. ഇതേ സമയത്ത് എത്യോപ്യൻ പഴയനിയമത്തിൽ ഒരു ഭാഗം വായിക്കുകയായിരുന്നു എന്നത് എത്രയോ ശ്രദ്ധേയമായ കാര്യമാണ്! രക്ഷയുടെ വഴിയെക്കുറിച്ച് വളരെ വ്യക്തമായി യെശയ്യാവിന്റെ പ്രവചനത്തിൽ കൊടുത്തിട്ടുള്ള ഒരു ഭാഗമാണ് സത്യത്തിൽ അവൻ വായിച്ചു കൊണ്ടിരുന്നത്. നമ്മുടെ ബൈബിളിൽ ഇത് യെശയ്യാവിന്റെ 53-ാം അദ്ധ്യായം എന്ന് അറിയപ്പെടുന്നു.

"ദൈവം എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്ന് ഇച്ഛിക്കുന്നു" *(1 തിമോഥെയോസ് 2:4)* എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. ഇത് ഇപ്രകാരമായതിനാൽ, രക്ഷയുടെ വഴിയെക്കുറിച്ച് വിവരിക്കുവാൻ കഴിയുന്ന വ്യക്തികളുടെ അടുക്കലേക്ക് അവൻ ആളുകളെ കൊണ്ടു വരുന്നു. ഒരുപക്ഷെ രക്ഷയെക്കുറിച്ചുള്ള ബൈബിൾ സത്യത്തെക്കുറിച്ച് ഇന്ന് നിങ്ങൾ കണ്ടുമുട്ടുന്ന ഒരാളോട് പറയുവാൻ സാധിക്കും!

**3. ഒരു സന്ദേശം** എത്യോപ്യനോടൊപ്പം ഫിലിപ്പോസ് രഥത്തിൽ അവന്റെ അരികിൽ ഇരുന്നു രക്ഷയുടെ സന്ദേശത്തെക്കുറിച്ച് വിവരിക്കുവാൻ ഇതിലും നല്ലൊരു അവസരം ചിന്തിക്കുവാൻ പോലും സാധ്യമല്ല. ഇവിടെ ഇതാ ഒരു മനുഷ്യൻ ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നു. അതു മാത്രമല്ല, താൻ ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്നത് രക്ഷിതാവിന്റെ കഷ്ടതയേയും മരണത്തെയും കുറിച്ചാണ്. അങ്ങനെ ഫിലിപ്പോസ് ഈ തെരുവെഴുത്ത് ആധാരമാക്കി അവനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുവാൻ തുടങ്ങി. ആ ആഫ്രിക്കക്കാരനോട് ഫിലിപ്പോസ് വിവരിച്ചു നൽകിയ രക്ഷയുടെ ദൂത് ബൈബിൾ അധിഷ്ഠിതവും ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ളതും ആയിരുന്നു.

ഈ സുവിശേഷത്തിന്റെ സന്ദേശം ഇന്ന് നമുക്കും മാറ്റമില്ലാതെ നിൽക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബൈബിൾ പഠിപ്പിച്ചിരിക്കുന്ന പ്രകാരം യേശുകർത്താവിന്റെ കഷ്ടാനുഭങ്ങളുടേയും മരണ പുനരുത്ഥാനത്തിന്റേയും അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് രക്ഷ പ്രാപിക്കുവാൻ കഴിയൂ. *അപ്പോസ്തലപ്രവൃത്തികൾ 4:12* വായിക്കുക.

**4. ഒരു അത്ഭുതം** അന്വേഷിക്കുന്ന പാപിയും അന്വേഷിക്കുന്ന രക്ഷകനും തമ്മിൽ വേഗത്തിൽ കണ്ടുമുട്ടും എന്ന് പലപ്പോഴും പറയപ്പെടുന്നു. ഇതു തന്നെയാണ് ഈ കാര്യത്തിലും സംഭവിച്ചത്. ഫിലിപ്പോസ് രക്ഷയുടെ വഴി വിവരിച്ചു നൽകി. തനിക്ക് സ്നാനപ്പെടുവാൻ കഴിയുമോ എന്ന എത്യോപ്യൻ ഫിലിപ്പോസിനോട് ചോദിച്ചപ്പോൾ "നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം" എന്ന് ഫിലിപ്പോസ് ഉത്തരം പറഞ്ഞു. ഇതിന് അവൻ ഇപ്രകാരം മറുപടി പറഞ്ഞു, "യേശുകർത്താവ് ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു" കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചശേഷം അവനിലുള്ള തന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സ്നാനം സ്വീകരിച്ചു *വാക്യം 38)*

രക്ഷ നമ്മുടെ പ്രയത്ന ഫലത്താൽ ലഭിക്കാത്തതുകൊണ്ട് ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെടുന്നത് ഒരർത്ഥത്തിൽ ശരിക്കും ഒരു അത്ഭുതം തന്നെയാണ്. യേശുകർത്താവിലൂടെ നമുക്കു പകരമായി ദൈവം ചെയ്ത പ്രവൃത്തിയുടെ ഫലം കൊണ്ട് മാത്രമാണ് ഇത് ലഭിക്കുന്നത്.

"അവൻ സന്തോഷിച്ചും കൊണ്ട് തന്റെ വഴിക്കുപോയി" എന്ന സന്തോഷത്തിന്റെ കുറിപ്പിലാണ് ഈ കഥ അവസാനിക്കുന്നത് *(വാക്യം 39)*. അവൻ രക്ഷിതാവിനെ കണ്ടെത്തുകയും അവനെ സ്വീകരിച്ചതിലൂടെ തന്റെ ഹൃദയത്തിലെ ഏറ്റവും വലിയ വാഞ്ഛ തൃപ്തിപ്പെട്ടു. നാം ഓരോരുത്തരും നമ്മോടു തന്നെ ഇപ്രകാരം ചോദിക്കാം "എന്റെ വ്യക്തിപരമായ നിത്യരക്ഷയ്ക്കുവേണ്ടി ഞാൻ ഈ രക്ഷകനിൽ മാത്രമാണോ ആശ്രയിക്കുന്നത്"

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**പഠനം 1.** ഒരു എത്യോപ്യൻ രക്ഷപ്രാപിച്ചു

**1** A. ഒരു എത്യോപ്യൻ എങ്ങനെയുള്ള മനുഷ്യനായിരുന്നുവെന്ന് പറയുവാനായിട്ട് അവനെക്കുറിച്ച് ഒരു ചെറിയ കുറിപ്പെഴുതുക.

...................................................................................................................

...................................................................................................................

B. ദൈവം നമ്മെ ഓരോരോ വ്യക്തികൾ എന്ന നിലയിൽ നമ്മെക്കുറിച്ച് ചിന്തിക്കുന്നവനാണ് എന്ന വിശ്വാസത്തെ പിൻതാങ്ങുന്നതിന് എന്തു തെളിവാണ് ഈ കഥയിൽ കാണുന്നത്?

...................................................................................................................

................................................................................................................... 4

**2** ചുവടെയുള്ള പ്രസ്താവനകൾ ശരിയായ വാചകങ്ങൾക്ക് അടിവരയിടുക.

a. ഫിലിപ്പോസ് എത്യോപ്യനെ കാണുമ്പോൾ അവൻ - യെരുശലേമിലേക്ക് പോവുകയായിരുന്നു / വീട്ടിലേക്ക് മടങ്ങുകയായിരുന്നു.

b. എത്യോപ്യൻ ഫിലിപ്പോസിനെ തന്നോടൊപ്പം ഇരിക്കുവാനായി ക്ഷണിച്ചു / ക്ഷണിച്ചില്ല

c. പ്രവാചകന്റെ വാക്കുകൾ ഫിലിപ്പോസ് - പഴയനിയമ ചരിത്രത്തെ ബന്ധപ്പെടുത്തി പറഞ്ഞു / യേശുവിനേയും അവന്റെ മരണത്തേയും ബന്ധപ്പെടുത്തി പറഞ്ഞു.

d. ആ മനുഷ്യൻ - സ്നാനപ്പെട്ടതിലൂടെ / യേശുകർത്താവിൽ വിശ്വസിച്ചതിലൂടെ - രക്ഷ പ്രാപിച്ചു. 4

**3** A. തിരുവെഴുത്തുകൾ എന്നാൽ എന്ത്? ...................................................................

B. തിരുവെഴുത്തുകളിലെ ഏതു ഭാഗമാണ് ആ മനുഷ്യൻ വായിച്ചു കൊണ്ടിരുന്നത്?

...................................................................................................................

C. യെശയ്യാവിനെ "ഒരു പ്രവാചകൻ" എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട്? ***(വാക്യം 28,30,34)***

...................................................................................................................

D. ആരെക്കുറിച്ചാണ് ഈ പ്രവാചകൻ പ്രവചിച്ചത്? ................................................... 4

**4** A. യേശുവിലുള്ള തന്റെ വിശ്വാസം അറിയിക്കുമ്പോൾ ആ ആഫ്രിക്കക്കാരൻ പറഞ്ഞത് എന്ത്?

...................................................................................................................

...................................................................................................................

B. തന്റെ പുതിയ വിശ്വാസം താൻ മറ്റ് ഏത് രീതിയിലാണ് അറിയിച്ചത്?

...................................................................................................................

................................................................................................................... 4

**5** ***"അവൻ സന്തോഷിച്ചുംകൊണ്ട് തന്റെ വഴിക്കു പോയി"*** (വാക്യം 39) അവന്റെ സന്തോഷത്തിനുള്ള കാരണം എന്തായിരുന്നുവെന്നാണ് നിങ്ങൾ കരുതുന്നത്? ......................................

................................................................................................................... 2

**6** ***അപ്പൊസ്തലപ്രവൃത്തികൾ 4:12*** വീണ്ടും ശ്രദ്ധിച്ചശേഷം എന്തുകൊണ്ടാണ് കർത്താവായ യേശുക്രിസ്തുവിൽ മാത്രമാണ് രക്ഷ കണ്ടെത്തുവാൻ കഴിയുന്നത് എന്ന് വിവരിക്കുക.

...................................................................................................................

................................................................................................................... 4

**7** ***യെശയ്യാവ്*** 53 വായിച്ചശേഷം അതിലെ ഏതെങ്കിലും ഒന്നോ രണ്ടോ വാക്യങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് എന്താണ് യേശുകർത്താവ് പാപികൾക്കുവേണ്ടി ചെയ്തത് എന്നത് ചുരുക്കമായി വിവരിക്കുക.

...................................................................................................................

................................................................................................................... 3

25

ആകെ മാർക്ക്

## പഠനം 2. ഫിലിപ്പിയൻ കാരാഗൃഹപ്രമാണി

**വായിക്കുക: അപ്പോസ്തലപ്രവൃത്തികൾ 16:19 – 40**

പേര്..............................................

**താക്കോൽവാക്യം:അപ്പോസ്തലപ്രവൃത്തികൾ 16:30 – 31**

**"അവരെ പുറത്തു കൊണ്ടു വന്നു: യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്ന് അവർ പറഞ്ഞു"**

തന്റെ പുത്രനിലുള്ള വിശ്വാസത്തിലേക്ക് ദൈവം ആളുകളെ കൊണ്ടുവരുന്നതിന് വ്യത്യസ്തമായ പല മാർഗ്ഗങ്ങളും ഉപയോഗിക്കുന്നു. രക്ഷ അന്വേഷിച്ച എത്യോപ്യന്റെ അരികിലേക്ക് അവനെ സന്ധിക്കുവാൻ ദൈവം തന്റെ ദാസനായ ഫിലിപ്പോസിനെ വളരെ വിജനമായ ഒരു വഴിയിലേക്ക് ദൈവം നടത്തിയ കാര്യമാണ് പഠനം 1 ൽ നാം കണ്ടത്. ഒരു വ്യക്തിയുടെ രക്ഷയോടുള്ള ബന്ധത്തിൽ ദൈവവചനത്തിന് എത്രയോ പ്രധാന പങ്ക് വഹിക്കുവാൻ കഴിയുമെന്നു കൂടി നാം കണ്ടു കഴിഞ്ഞു. ഭൂമികുലുക്കം പോലെ അപ്രതീക്ഷിതവും നാശം വിതയ്ക്കുന്നതുമായ സംഭവങ്ങൾ നമ്മുടെ രക്ഷയിൽ കലാശിക്കുന്ന തരത്തിൽ നമ്മോടുള്ള ദൈവത്തിന്റെ ശബ്ദമായിരിക്കാം എന്ന് ഈ പഠനം ചൂണ്ടിക്കാണിക്കുന്നു. നിങ്ങളെ രക്ഷയിലേക്ക് നയിക്കുന്നതിന് ദൈവം ഉപയോഗിക്കുന്ന വ്യക്തികളേയോ സംഭവങ്ങളേയോ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും!

പിടിക്കപ്പെടുകയും അടിയേൽക്കപ്പെടുകയും പിന്നീട് കാരാഗൃഹത്തിലാക്കപ്പെടുകയും ചെയ്ത അനുഭവം പൗലോസിനും ശീലാസിനും വളരെ ദുരിത പൂർണ്ണമായിട്ട് തോന്നിയിരിക്കാം എന്ന് നമുക്ക് ഉറപ്പാണ്. എന്നിരുന്നാലും അവർ തങ്ങളെത്തന്നെ മൗനത്തിലായിരിക്കാൻ അനുവദിച്ചില്ല. ദൈവത്തിലുള്ള അവരുടെ ആശ്രയത്തിന് യാതൊരു കോട്ടവും വന്നില്ല എന്നത് അവരുടെ പ്രാർത്ഥനയാലും പാട്ടിനാലും തെളിഞ്ഞു *(വാക്യം 25).* ഇത് തങ്ങളെ മുമ്പോട്ട് സംഭവിക്കേണ്ട കാര്യങ്ങൾക്കായി അവരെ ഒരുക്കി – ഒന്നാമത്തേത് ഭൂമികുലുക്കവും പിന്നീട് വളരെ ഭ്രമിച്ചുപോയ കാരാഗൃഹപ്രമാണിയുടെ ഒരു അന്വേഷണവും: *"രക്ഷ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യേണം"*

രക്ഷയെക്കുറിച്ചുള്ള ഈ ചോദ്യം പല പ്രവശ്യം ചോദിക്കപ്പെട്ടിട്ടുള്ളതാണ്! രക്ഷ പ്രാപിക്കുന്നത് തങ്ങളുടെ തന്നെ പ്രയത്നഫലം കൊണ്ടാണെന്ന് തെറ്റായി മനസ്സിലാക്കിയിരിക്കുന്നതുകൊണ്ട് അനേകം ആളുകളും "ചെയ്യുക" എന്ന കാര്യത്തിനാണ് വളരെ ഊന്നൽ കൊടുക്കുന്നത്. *എഫെസ്യർ 2:8 - 9; തീത്തോസ് 3:5* എന്നിവ വീണ്ടും വായിക്കുക നാം ചെയ്യുന്ന പ്രവൃത്തിക്ക് നമ്മെ രക്ഷിക്കുവാൻ കഴിഞ്ഞാൽ, യേശുകർത്താവ് കഷ്ടമനുഭവിച്ച് കാൽവറി കുരിശിൽ മരിച്ചത് എന്തിനാണ് എന്ന ചോദ്യം നാം ചോദിക്കേണ്ടി വരും.

"കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീ രക്ഷ പ്രാപിക്കും" എന്ന് പൗലോസും ശീലാസും നൽകിയ ഉത്തരം രക്ഷയുടെ ശരിയായ വഴി നമുക്ക് കാണിച്ചു തരുന്നു.

1. ഒരു ഹ്രസ്വമായ ഉത്തരം ഇതാണ് രക്ഷയെക്കുറിച്ച് നൂറുകണക്കിന് പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട് മാത്രമല്ല ആയിരക്കണക്കിന് ആളുകളാൽ പ്രസംഗിക്കപ്പെട്ടിട്ടുണ്ട് എന്നാൽ ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയെപ്പോലെ ഇതെക്കുറിച്ച് അറിയുവാൻ വളരെ ആഗ്രഹിക്കുന്ന ഒരാൾക്ക് വ്യക്തവും ഹ്രസ്വവുമായ ഒരുത്തരമാണ് വേണ്ടത്.

2. വളരെ ശരിയായ ഒരു ഉത്തരം ഇതാണ്. വ്യക്തിപരമായ രക്ഷയെക്കുറിച്ചുള്ള ഈ ഉത്തരം ബൈബിളിന്റെ മൊത്തം സന്ദേശത്തോട് പൂർണ്ണമായും യോജിക്കുന്നു. നശിച്ചുപോകുന്ന പാപികളെ പൂർണ്ണമായ സുരക്ഷിതത്വത്തിന്റെ സ്ഥാനത്തേക്ക് കൊണ്ടു വരുന്നത് യേശുകർത്താവിലുള്ള വിശ്വാസമാണ്. *യോഹന്നാൻ 3:16, 36; 5:24* എന്നിവ കാണുക.

3. ക്രിസ്തുവിനെ ബഹുമാനിക്കുന്ന ഒരു ഉത്തരം ഇതാണ്. രക്ഷ പ്രാപിക്കുവാനായി മറ്റെന്തും ചെയ്യുവാൻ സാധിക്കും എന്ന ചിന്തയിൽ നിന്നും ഈ കാരാഗൃഹപ്രമാണിയുടെ മനസ്സിനെ മാറ്റുവാൻ ഈ ഉത്തരത്തിന് കഴിഞ്ഞു. പകരം ഇത്, മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ഒരാളിലേക്ക് അദ്ദേഹത്തെ നടത്തി.

4. നിർണ്ണായകമായ ഉത്തരം ഇതാണ്, "നീ രക്ഷിക്കപ്പെടും" നമ്മുടെ രക്ഷയെക്കുറിച്ച് നമുക്ക് ഉറപ്പുണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു! നാം അവ്യക്തതയോടെയും നിശ്ചയമില്ലാതെയും ആയിരിക്കേണ്ട കാര്യമില്ല. നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ച രക്ഷകനിൽ നിങ്ങളുടെ ലളിതവും വ്യക്തിപരവുമായ ആശ്രയം വെയ്ക്കു, **നിങ്ങൾ രക്ഷ പ്രാപിക്കും!**

ആ കാരാഗൃഹപ്രമാണിയും അവന്റെ സകല കുടുംബത്തിനും യാഥാർത്ഥത്തിൽ അന്ന് രക്ഷയുടെ രാത്രിയായിരുന്നു! അവരെല്ലാവരും "ദൈവത്തിന്റെ വചനം" കേട്ടും *(വാക്യം 32)* "അവർ വിശ്വസിച്ചു" *(വാക്യം 34)* മാത്രമല്ല അവർ "സ്നാനപ്പെട്ടു" (*വാക്യം 33)* ഒരു പുതിയ സന്തോഷം അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞു, ഇത് മുഖാന്തിരം അടിയുടെ ഫലമായി വേദനയനുഭവിക്കുന്ന പൗലോസിനും ശീലാസിനും നേരെ അവർക്ക് സഹതാപ മനോഭാവം ഉണ്ടായി.

യേശുകർത്താവിൽ വിശ്വാസമർപ്പിക്കുന്നതുകൊണ്ടുള്ള ഫലം ഒരാളുടെ ആന്തരികവും വ്യക്തിപരവുമായ രക്ഷയാണ്. നമ്മുടെ രക്ഷയുടെ ആത്മാർത്ഥത വ്യക്തമാവുന്നത് നമ്മുടെ സ്വഭാവത്തിനും പെരുമാറ്റത്തിനും മാറ്റമുണ്ടാകുമ്പോഴാണ്. നിങ്ങളുടെ വാക്കുകളും പ്രവൃത്തിയും പെരുമാറ്റവും നിങ്ങൾ രക്ഷിക്കപ്പെട്ട ഒരാളാണെന്ന് മറ്റുള്ളവരോട് വ്യക്തമാക്കാറുണ്ടോ?

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**1** ഈ പഠനത്തിലെ ഒന്നാമത്തെ ഖണ്ഡിക ശ്രദ്ധിച്ചു വായിച്ചശേഷം ദൈവം രക്ഷയ്ക്കായി തന്നിലേക്ക് ആളുകളെ ആകർഷിക്കുന്ന ഏതെങ്കിലും രണ്ട് വഴികളെക്കുറിച്ച് ഒരു വാക്യത്തിൽ ഉത്തരമെഴുതുക.

..........................................................................................................................................

.......................................................................................................................................... 2

**2** A. പൗലോസിനേയും ശീലാസിനേയും പിടിച്ചത് 19-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരെ പിടിച്ചതിനും ജയിലിൽ ഇട്ടതിനും മദ്ധ്യേ എന്താണ് സംഭവിച്ചതെന്ന് ഒറ്റവാക്യത്തിൽ എഴുതുക.

..........................................................................................................................................

..........................................................................................................................................

B. പൗലോസും ശീലാസും "***ദൈവത്തോട് പ്രാർത്ഥിക്കുകയും പാട്ടുപാടി സ്തുതിക്കുകയും ചെയ്തു***" എന്ന വസ്തുത എന്താണ് നമ്മോട് വ്യക്തമാക്കുന്നത്?

..........................................................................................................................................

.......................................................................................................................................... 4

**3** ശരിയോ തെറ്റോ എന്ന് ഉത്തരമെഴുതുക

a. കാരാഗൃഹ വാതിലുകൾ പൊട്ടി തുറക്കപ്പെട്ടു. ......................................

b. കാരാഗൃഹപ്രമാണി എല്ലാ തടവുകാരും രക്ഷപ്പെടുവാൻ അനുവദിച്ചു. ......................................

c. "നിനക്ക് തന്നെ ദോഷമൊന്നും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്" എന്ന് ശീലാസ് ഉറക്കെ പറഞ്ഞു. ......................................

d. പൗലോസും ശീലാസും കാരാഗൃഹപ്രമാണിയുടെ മുമ്പിൽ വീണു. ......................................

e. അന്നു രാത്രി തന്നെ കാരാഗൃഹപ്രമാണിയും കുടുംബവും ക്രിസ്ത്യാനികളായി സ്നാനപ്പെട്ടു. ...................................... 5

**4** "***കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക***" എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളാൽ കഴിയും വിധം വ്യക്തമായി വിവരിക്കുക.

..........................................................................................................................................

.......................................................................................................................................... 3

**5** "വിശ്വാസം മാത്രമാണ് രക്ഷിക്കുന്നത് എന്നാൽ രക്ഷിക്കുന്ന വിശ്വാസം ഒരിക്കലും തനിച്ച് നിൽക്കുന്നില്ല" നിങ്ങളുട ഉത്തരം കാരാഗൃഹപ്രമാണിയുടെ കാര്യം ഉപയോഗിച്ച് ഇത് അർത്ഥമാക്കുന്നതെന്താണെന്ന് വിവരിക്കുക.

..........................................................................................................................................

.......................................................................................................................................... 4

**6** ദൈവത്തിന്റെ രക്ഷ സ്വീകരിക്കുന്നത് വളരെ വ്യക്തിപരമായ ഒരു കാര്യമാണെന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?

..........................................................................................................................................

.......................................................................................................................................... 4

**7** ഈ പഠനത്തിലെ കാരാഗൃഹപ്രമാണിയും *(വാക്യം 34)* മുമ്പുള്ള പഠനത്തിലെ എത്യോപ്യക്കാരനും *(8:39)* അനുഭവിച്ച സന്തോഷത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു വിശദീകരണമാണ് നൽകുവാൻ സാധിക്കുന്നത്?

..........................................................................................................................................

.......................................................................................................................................... 3

**25**

ആകെ മാർക്ക്

# ന്യൂലൈഫ്

ബൈബിൾ പഠന കോഴ്സ്

## പഠനം 3. ഓടിപ്പോയ അടിമ രക്ഷിക്കപ്പെട്ടു

വായനാഭാഗം: ഫിലെമോൻ 1 – 25

പേര്..............................................

**താക്കോൽവാക്യം: എഫെസ്യർ 4:32**

**"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ "**




പുതിയനിയമത്തിൽ അധികം അറിയപ്പെടാത്ത വ്യക്തികളിൽ ഒരാളാണ് ഒനേസിമോസ്. അവനെക്കുറിച്ച് നമുക്ക് അറിയാവുന്ന ഏകദേശം എല്ലാ കാര്യങ്ങളും പൗലോസിന്റെ ചെറിയ ലേഖനമായ ഫിലെമോന് എഴുതിയ ലേഖനത്തിൽ കാണുവാൻ സാധിക്കും. ചില വസ്തുതകൾ ഒന്നു ശ്രദ്ധിക്കാം.

A. കൊലോസ്യയിലുള്ളതും വളരെ നല്ല പ്രവൃത്തികൾ ചെയ്യുന്നതുമായ ഫിലെമോൻ എന്നു പേരുള്ള ഒരു ക്രിസ്ത്യാനിയുടെ അടിമയാണ് ഒനേസിമോസ് *(വാക്യം 16).*

**B.** ഒനേസിമോസ് തന്റെ യജമാനന്റെ എന്തോ വസ്തു മോഷ്ടിച്ചോ മറ്റോ ഒരു തെറ്റ് ചെയ്തുവെന്നാണ് കരുതേണ്ടത് *(വാക്യങ്ങൾ 18 - 19 നോക്കുക).* ഒനേസിമോസ് എന്ന പേരിന്റെ അർത്ഥം 'ഉപകാരമുള്ളവൻ' അഥവാ 'ചില കാര്യങ്ങൾക്ക് നല്ലവൻ' എന്നൊക്കെയാണ് എന്നാൽ ഇപ്പോൾ തന്റെ പേരിന്റെ അർത്ഥത്തിനൊത്ത് ജീവിതത്തിൽ താൻ പരാജയപ്പെട്ടു. 11-ാം വാക്യത്തിൽ പൗലോസ് ഇതെക്കുറിച്ച് സൂചിപ്പിക്കുന്നു. അവൻ 'മുമ്പെ പ്രയോജനമില്ലാത്തവൻ'.

**C.** തെറ്റു ചെയ്യുന്ന മറ്റനേകരെപ്പോലെ ഒരുപക്ഷെ ശിക്ഷ ഒഴിവാക്കാമെന്ന പ്രതീക്ഷയോടെ ഒനേസിമോസ് ഓടിപ്പോയതാവാം. താൻ റോം വരെ എത്തിച്ചേർന്നുവെന്നാണ് ലഭ്യമായ തെളിവുകൾ നമ്മെ സൂചിപ്പിക്കുന്നത്. അവൻ എപ്രകാരം യാത്ര ചെയ്തു അവന്റെ യാത്ര എത്ര ദൈർഘ്യമുള്ളതായിരുന്നു, വഴിയിൽ തനിക്ക് എന്തെല്ലാം അനുഭവങ്ങൾ ഉണ്ടായിരുന്നു എന്നിവയെക്കുറിച്ചൊന്നും നമുക്ക് യാതൊരു അറിവുമില്ല. എന്നിരുന്നാലും ലോകത്തിലെ വലിയ ഒരു പട്ടണത്തിൽ, തനിച്ച്, മറ്റെന്തിനേക്കാളും ദൈവത്തിന്റെ രക്ഷിക്കുന്ന കൃപയെ ആവശ്യമുള്ള ഒരു യുവാവിന്റെ ചിത്രമാണ് നമുക്ക് ഇതിൽ നിന്നും ലഭിക്കുന്നത്. പല രീതിയിലും ഒനേസിമോസ് നമ്മുടെ ഓരോരുത്തരുടേയും ഒരു ചിത്രമാണ്. നാം ഓരോരുത്തരും ദൈവത്തിന് എതിരായി പാപം ചെയ്കയും നമ്മുടെ പാപം നമ്മെ അവനിൽ നിന്നും അകറ്റുകയും ചെയ്തു അതുകൊണ്ട് നാമും രക്ഷ ആവശ്യമുള്ളവരാണ്.

**D.** ഒനേസിമോസ് റോമിൽ വന്ന സമയത്ത് പൗലോസ് അവിടെ ഒരു തടവുകാരനാണ്. പൗലോസ് എന്തെങ്കിലും കുറ്റം ചെയ്തതുകൊണ്ടല്ല, എന്നാൽ കർത്താവിനോടുള്ള തന്റെ വിശ്വസ്തതയുടേയും ദൈവം തന്നെ ഏൽപ്പിച്ച കർത്യത്വത്തിന്റേയും കാരണത്താലാണ് താൻ തടവിലാക്കപ്പെട്ടത്. ദൈവിക പരിപാലനത്തിൽ പൗലോസും ഒനേസിമോസും തടവിൽ വെച്ച് കണ്ടുമുട്ടി. ഈ ഓടി രക്ഷപ്പെട്ട അടിമയോട് സുവിശേഷത്തെക്കുറിച്ചും പാപങ്ങളെക്കുറിച്ചുമുള്ള അവന്റെ മാനസാന്തരത്തിനുള്ള ആവശ്യത്തെക്കുറിച്ചും രക്ഷിതാവിലുള്ള അവന്റെ ആശ്രയത്തെക്കുറിച്ചും സംസാരിക്കുന്ന ഒരു അവസരം പോലും പൗലോസ് നഷ്ടമാക്കുകയില്ല എന്ന് നമുക്ക് ഉറപ്പാണ്.

E. അത് അപ്രകാരം തന്നെ സംഭവിച്ചു! ഒനേസിമോസിനോട് പൗലോസ് സംസാരിച്ചതുകൊണ്ട് അവൻ രക്ഷിക്കപ്പെട്ടു. പൗലോസ് അവന്റെ രക്ഷയെക്കുറിച്ച് ഒരു ശിശുവിന്റെ ജനനത്തെപ്പോലെയാണ് പ്രതിപാദിച്ചിരിക്കുന്നത് *(വാക്യം 10).* ആത്മീയമായ നിലയിൽ പൗലോസ് ഒനേസിമോസിന്റെ 'പിതാവായും' അവനെ പൗലോസ് *'എന്റെ മകൻ'* എന്ന വിശേഷണവും നൽകുന്നു!

**F.** ഒനേസിമോസ് വളരെ പെട്ടെന്നു തന്നെ ക്രിസ്ത്യാനി എന്ന നിലയിൽ തന്റെ പുതിയ ജീവിതം ആരംഭിച്ചു. മുമ്പുണ്ടായിരുന്ന തന്റെ പാപപങ്കിലമായ ജീവിതത്തിന് വളരെ വേഗം മാറ്റം സംഭവിച്ചു എന്ന് വളരെ വ്യക്തമായി. അവന്റെ പേരിന്റെ അർത്ഥം ഇപ്പോൾ അവന്റെ സ്വഭാവവുമായി പൊരുത്തപ്പെടുന്ന നിലയിൽ അവൻ 'ഒരു പുതിയ മനുഷ്യൻ' ആയിത്തീർന്നു *("ഇപ്പോൾ പ്രയോജനമുള്ളവൻ" വാക്യം 11 കാണുക).* ഒനേസിമോസ് താൻ തെറ്റു ചെയ്ത യജമാനന്റെ അടുക്കലേക്ക് തന്നെ മടങ്ങിപ്പോകണം എന്നതാണ് ഏറ്റവും ശരിയായ കാര്യം എന്ന് പൗലോസ് വിശ്വസിച്ചു. അപ്രകാരം ഒരു വിശദീകരണം എന്ന നിലയിലാണ് പൗലോസ് ഈ കത്ത് എഴുതിയത്. ഒനേസിമോസിനെ തിരികെ സ്വീകരിക്കണം എന്ന് താൻ ഇതിന്റെ ഉള്ളിൽ അഭ്യർത്ഥിക്കുന്നുണ്ട്. "അവൻ ഇനി ദാസനല്ല, ദാസനു മീതെ പ്രിയ സഹോദരൻ തന്നേ; അവൻ വിശേഷാൽ എനിക്ക് പ്രിയനെങ്കിൽ നിനക്ക് ജഡസംബന്ധമായും കർതൃസംബന്ധമായും എത്ര അധികം?" *വാക്യം 16).* ഒനേസിമോസ് ഇനിയും കൊടുത്തു വീട്ടുവാൻ എന്തെങ്കിലും കടം ഉണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പൗലോസ് ഔദാര്യമായി ഏറ്റെടുക്കുന്നു *(വാക്യം 18 നോക്കുക)*

ഒനേസിമോസിന്റെ കഥ **രണ്ട്** പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മോടുള്ള ബന്ധത്തിൽ എടുത്തു കാണിക്കുന്നു

1. ഏറ്റവും അധമരായ പാപികളേയും ദൈവത്തിന് രക്ഷിക്കുവാൻ സാധിക്കും. ഒരു വ്യക്തി എത്രമാത്രം പാപമുള്ളവനും ദുഷ്ടനുമായിരുന്നാലും താൻ മാനസാന്തരപ്പെട്ട് രക്ഷിതാവിങ്കലേക്ക് തിരിയുന്നുവെങ്കിൽ അവൻ രക്ഷ പ്രാപിക്കും *(1 തിമോഥെയോസ് 1:15 വായിക്കുക).*

2. നാം രക്ഷിക്കപ്പെടുവാൻ നമ്മുടെ ജീവിതങ്ങൾക്ക് മാറ്റം ഉണ്ടാവുന്നു. ഒരു കള്ളൻ *"വിശ്വസ്തനും പ്രിയനുമായ സഹോദരൻ"* ആയിത്തീർന്നു *(കൊലോസ്യർ 4:9)* നമ്മെ നയിക്കുന്നതിന് നാം ദൈവത്തിന്റെ വചനത്തെ അനുവദിച്ചാൽ സമാധാനത്തിൽ നമ്മുടെ സ്വഭാവവും നമ്മോടുള്ള അവന്റെ ഹിതത്തിന് അനുസൃതമായിത്തീരുന്നു. നമ്മുടെ പാപങ്ങൾ അർഹിക്കുന്ന ശിക്ഷയിൽ നിന്നു മാത്രമല്ല നാം "രക്ഷ പ്രാപിക്കുന്നത്" മറിച്ച് നമ്മുടെ ഉള്ളിനും ചുറ്റിലുമുള്ള ദുഷ്ടതകളിൽ നിന്നും നാം സംരക്ഷിക്കപ്പെടുന്നു.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പാഠം 3.** ഓടിപ്പോയ അടിമ രക്ഷിക്കപ്പെട്ടു

**1** ചുവടെയുള്ളവയ്ക്ക് ചുരുക്കമായി ഉത്തരമെഴുതുക.

a. ആരായിരുന്നു ഒനേസിമോസിന്റെ യജമാനൻ? ..................................................

b. അവൻ ഏതു പട്ടണത്തിലാണ് ജീവിച്ചത്? ..................................................

c. ഒനേസിമോസ് യജമാനനെ വിട്ടിട്ട് എങ്ങോട്ടാണ് പോയത്? ..................................................

d. താൻ ആരെയാണ് അവിടെ കണ്ടുമുട്ടിയത്? ..................................................

4

**2** നാം രക്ഷിക്കപ്പെടുന്നതിന് മുമ്പുള്ള നമ്മുടെ ആത്മീയ അവസ്ഥയെ എപ്രകാരമാണ് ഒനേസിമോസ് ചിത്രീകരിക്കുന്നത്?

..................................................................................................................

..................................................................................................................

2

**3** റോമിലുള്ള കാരാഗൃഹത്തിൽ വെച്ച് പൗലോസ് ഒനേസിമോസിനോട് സുവിശേഷത്തെക്കുറിച്ച് സംസാരിച്ചത് ഒന്ന് സങ്കൽപ്പിച്ചു നോക്കൂ. പൗലോസ് അവനോട് എന്തു പറഞ്ഞിട്ടുണ്ടാവുമെന്നാണ് നിങ്ങൾ കരുതുന്നത്?

..................................................................................................................

..................................................................................................................

3

**4** A. ഒനേസിമോസ് എന്ന വാക്കിന്റെ അർത്ഥം എന്താണ്? ..................................................

B. അവന്റെ പേരിന്റെ അർത്ഥത്തിനൊത്തവണ്ണം അവൻ എപ്രകാരമാണ് ജീവിക്കാതെയിരുന്നത്? ..................................................

4

C. അവൻ രക്ഷിക്കപ്പെട്ടപ്പോൾ അവന്റെ സ്വഭാവത്തിന് മാറ്റമുണ്ടായി. ***എഫെസ്യർ 4:28*** ൽ ഒരു ക്രിസ്ത്യാനി എപ്രകാരമായിരിക്കണം എന്നതിന്റെ ജീവിക്കുന്ന ഉദാഹരണമായി താൻ മാറുകയുണ്ടായി. ഇത് എടുത്തെഴുതുക.

..................................................................................................................

..................................................................................................................

**5** A. ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ അവൻ ഒരു '***പുതിയ സൃഷ്ടി / വ്യക്തി***' ആയി മാറുന്നു. ***2 കൊരിന്ത്യർ 5:17*** കാണുക. ഒനേസിമോസിനോടുള്ള ബന്ധത്തിൽ ഇത് എപ്രകാരമാണ് ശരിയായിരിക്കുന്നത്?

..................................................................................................................

..................................................................................................................

B. നാം രക്ഷിക്കപ്പെടുമ്പോൾ നാം 'ദൈവത്തിന്റെ കുടുംബത്തിലെ' അംഗങ്ങളാകുകയും മറ്റുള്ള ക്രിസ്ത്യാനികളുമായി നാം ഒരു പുതിയ ബന്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ചുവടെയുള്ള വാക്യങ്ങളിൽ പൗലോസിന് ഒനേസിമോസിനോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വാക്കുകൾ എഴുതുക.

5

***a. ഫിലെമോൻ വാക്യം 10*** .......................................... ***b. ഫിലെമോൻ വാക്യം 16*** ..........................

***c. കൊലോസ്യർ 4:9*** ..................................................................................................

**6** A. ***താക്കോൽവാക്യം*** എടുത്തെഴുതുക.

..................................................................................................................

..................................................................................................................

5

B. ഭാവിയിൽ ഫിലെമോന് ഒനേസിമോസിനോടുള്ള ബന്ധത്തെക്കുറിച്ച് ഈ വാക്യം എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..................................................................................................................

**7** ഒനേസിമോസ് ചെയ്ത എല്ലാ തെറ്റുകൾക്കും പൗലോസ് കൊടുത്തു തീർത്തുകൊള്ളാം എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക ***(വാക്യങ്ങൾ 18,19 കാണുക)***. നമ്മുടെ സകല പാപങ്ങൾക്കും ഉള്ള ഉത്തരവാദി ക്രൂശിൽ യേശുകർത്താവ് ആയിത്തീർന്നുവെന്നാണ് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നത് ***(യെശയ്യാവ് 58:5*** വായിച്ചശേഷം എടുത്തെഴുതുക).

2

..................................................................................................................

..................................................................................................................

**25**

ആകെ മാർക്ക്

## പഠനം 4. എഫെസോസിലുള്ള ക്രിസ്ത്യാനികൾ

പേര്..............................................

**വായനാഭാഗം: എഫെസ്യർ 2:1–22**

**താക്കോൽവാക്യം: എഫെസ്യർ 2:8–9**

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല"**

ദൈവകൃപയാൽ രക്ഷിക്കപ്പെട്ട ഒരു കൂട്ടം ആളുകളിലേക്കാണ് ഈ പഠനത്തിൽ നാം ശ്രദ്ധിക്കുന്നത്. പൗലോസും മറ്റ് മിഷണറിമാരും സുവിശേഷം എത്തിച്ച ജാതികളുടെ ഒരു വലിയ പട്ടണമായ എഫെസോസിലെ പൗരന്മാരായിരുന്നു ഇവർ (പഠനം 3 ലെ ഭൂപടം ശ്രദ്ധിക്കുക). ഇതിന്റെ ഫലമായി അനേകരും തങ്ങളുടെ ദുഷ്ടപ്രവൃത്തികൾ വിട്ടിട്ട് യേശുകർത്താവിലുള്ള വിശ്വാസികളായി മാറി *(അപ്പോസ്തലപ്രവൃത്തികൾ 19:17 - 20 കാണുക).*

കുറേ വർഷങ്ങൾക്കുശേഷം പൗലോസ് അവർക്ക് ഒരു കത്ത് എഴുതി ഇതിനെ നാം "പൗലോസിന്റെ എഫെസ്യർക്കുള്ള ലേഖനം" എന്നു വിളിക്കുന്നു. യേശുകർത്താവിൽ അവർ കണ്ടെത്തിയ രക്ഷയെക്കുറിച്ചുള്ള അനേക കാര്യങ്ങൾ പൗലോസ് അതിൽ എഴുതിയിട്ടുണ്ട്.

ഒന്നാമതായി താൻ അവരെ ഓർമ്മിപ്പിക്കുന്നത്:-

സുവിശേഷം അവരുടെ അടുക്കൽ എത്തുന്നതിന് മുമ്പുള്ള അവരുടെ **അവസ്ഥയെക്കുറിച്ചാണ്**. അവരുടെ യാഥാർത്ഥ്യവും രക്ഷിക്കപ്പെടുന്നതിന് മുമ്പുണ്ടായിരുന്നതുമായ അവസ്ഥയെക്കുറിച്ചുള്ള അനേക വാക്കുകളും വാചകങ്ങളും *2-ാം അദ്ധ്യായത്തിൽ* വിവരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, അവർ "അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു" *(വാക്യം 1)* "അവർ ക്രിസ്തു ഇല്ലാത്തവരും ........ പ്രത്യാശയില്ലാത്തവരായി ഈ ലോകത്തിൽ ദൈവമില്ലാത്തവരും" ആയിരുന്നു *(വാക്യം 12).* നമ്മെപ്പോലെ തന്നെ അവരും രക്ഷിക്കപ്പെടേണ്ട ആവശ്യത്തിലായിരുന്നു എന്ന് ഈ പ്രസ്താവനകൾ വളരെ വ്യക്തമാക്കുന്നു.

പൗലോസ് അവർക്കുണ്ടായ **മാറ്റത്തെക്കുറിച്ച്** വിവരിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. അവർ മുമ്പുണ്ടായിരുന്നതും ഇപ്പോഴുള്ളതുമായ അവസ്ഥയെ ഒരു ആത്മീയ കാഴ്ചപ്പാടിൽ വ്യത്യാസപ്പെടുത്തിയിരിക്കുന്നു.

ചുവടെയുള്ളവ ശ്രദ്ധിക്കുക:-

a. അവർ ഒരിക്കൽ "മരിച്ചവരായിരുന്നു" എന്നാൽ ഇപ്പോൾ "ജീവൻ പ്രാപിച്ചവരായിരിക്കുന്നു" വാക്യം 1 നോക്കുക.

b. അവർ ഒരിക്കൽ "ദൂരത്തായിരുന്നു" എന്നാൽ ഇപ്പോൾ അവർ "സമീപസ്ഥരായിരിക്കുന്നു" *വാക്യം 13* കാണുക.

c. അവർ ഒരിക്കൽ "അന്യർ" ആയിരുന്നു എന്നാൽ ഇപ്പോൾ "വിശുദ്ധന്മാരുടെ സഹ പൗരന്മാർ" ആയിരിക്കുന്നു *(വാക്യം 19* കാണുക).

രക്ഷിതാവിൽ വിശ്വാസമർപ്പിച്ചു കൊണ്ട് സുവിശേഷത്തിൽ വിശ്വസിക്കുന്ന ആർക്കും ഉണ്ടാകുന്ന ചില വലിയ മാറ്റങ്ങളെയാണ് ഈ പ്രസ്താവനകൾ എടുത്തു കാണിക്കുന്നത്. ഇപ്രകാരം ആരൊക്കെ ചെയ്യുന്നുവോ അവർ ദൈവവുമായി ഒരു പുതിയ ബന്ധത്തിലേക്ക് കടന്നുവരുന്നു. ദൈവം തന്റെ പരിശുദ്ധാത്മാവിനെ അവനിൽ വസിക്കുന്നതിന് നൽകിക്കൊണ്ട് ദൈവം ആ വ്യക്തിയെ തന്റേതാക്കിക്കൊണ്ട് അവനെ "മുദ്ര"യിടുന്നു *(എഫെസ്യർ 1:13- 14* വായിക്കുക).

പൗലോസ് ഈ കത്തിൽ ഊന്നിപ്പറയുന്ന മറ്റൊരു കാര്യമാണ് അവരുടെ രക്ഷയുടെ **വില.** പാപപ്രവൃത്തികളും ബന്ധങ്ങളും ഉപേക്ഷിക്കേണ്ടുന്ന അർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയാവുകയെന്നാൽ അത് വില കൊടുക്കേണ്ട കാര്യം തന്നെയാണ്. മാത്രമല്ല യേശുകർത്താവിനോടുള്ള നമ്മുടെ സമർപ്പണത്തിന്റെ പേരിൽ നമ്മുടെ കൂട്ടുകാരിൽ നിന്നും കുടുംബത്തിൽ നിന്നും ആക്ഷേപം സഹിക്കേണ്ടുന്ന നിലയിലും നമുക്ക് വില കൊടുക്കേണ്ടി വരും. എന്തു തന്നെയായാലും നാം നൽകുന്ന വിലയെക്കുറിച്ചല്ല പൗലോസ് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്, മറിച്ച് **ദൈവം തന്നെത്താൻ** കൊടുത്ത വിലയെക്കുറിച്ചാണ്.

രണ്ട് പ്രസ്താവനകളിലായി ഇതിന്റെ ഉത്തരം കാണുവാൻ സാധിക്കും.

a. *"ക്രിസ്തുവിന്റെ രക്തത്താൽ"* സമീപസ്ഥരായിത്തീർന്നു *(2:13 കാണുക)*

b. *"ക്രൂശിനാൽ" (2:16 കാണുക)*

രക്ഷയുടെ വിലയെന്നത് നമ്മുടെ പാപത്തിനായി കാൽവറിയിൽ യാഗമായി മാറിയ യേശുകർത്താവിന്റെ മരണമാണ്. ആവശ്യമുള്ളതെല്ലാം അവൻ കൊടുത്തു വീട്ടിയതുകൊണ്ട് രക്ഷ നമുക്ക് സൗജന്യദാനമായി ലഭിക്കുന്നു *(റോമർ 6:23).*

അവസാനമായി പൗലോസ് അവർക്ക് മുമ്പോട്ട് നോക്കുവാൻ കഴിയുന്ന **പൂർത്തീകരണത്തെക്കുറിച്ചാണ്** എഴുതിയിരിക്കുന്നത്. രക്ഷ ഒരു **ഭൂതകാല** അനുഭവമാണ് (അവൻ പാപത്തിൽ നിന്നും രക്ഷ പ്രാപിച്ചു). ഇത് ഒരു **വർത്തമാനകാല** അനുഭവമാണ് (അവർ പിശാചിന്റെ ദിനം തോറുമുള്ള സ്വാധീനത്തിൽ നിന്നും രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു). ഇത് ഒരു ഭാവി കാല അനുഭവം കൂടിയാണ് (അവർ ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും രക്ഷിക്കപ്പെടും). ദൈവം യേശുക്രിസ്തുവിൽ തന്റെ കരുണയാൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ അവരെ കാണിക്കുന്ന "വരും കാലങ്ങളിലേക്ക്" അവരുടെ മനസ്സിനെ പൗലോസ് ആകർഷിക്കുന്നു *(2:7).* ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെല്ലാം ക്രിസ്തുവിൽ പൂർത്തിയാകുന്ന "കാലസമ്പൂർണ്ണതയെക്കുറിച്ചും താൻ പ്രതിപാദിക്കുന്നു *(1:10).* അപ്പോൾ നമ്മുടെ രക്ഷ അതിന്റെ അവസാനവും പൂർണ്ണമായതുമായ അവസ്ഥയിലെത്തുന്നു.

ഈ പഠന പരമ്പര നാം പൂർത്തിയാക്കുമ്പോൾ, നാം ഒരുപക്ഷെ ചില ചോദ്യങ്ങൾ നമ്മോടു തന്നെ ചോദിക്കണം! ഞാൻ വ്യക്തിപരമായും കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടതാണോ? എന്റെ രക്ഷയുടെ സന്തോഷത്തിലും ബലത്തിലുമാണോ ഞാൻ ഓരോ ദിവസവും ജീവിക്കുന്നത്? എന്റെ രക്ഷിതാവ് ഈ ഭൂമിയെ വാഴുവാനായി മടങ്ങി വരുമ്പോഴുള്ള ഈ രക്ഷയുടെ പൂർത്തീകരണത്തെ ഞാൻ ആകാംഷയോടെ കാത്തിരിക്കുന്നുണ്ടോ?

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 4. എഫെസോസിലുള്ള ക്രിസ്ത്യാനികൾ**

1 ***അപ്പോസ്തലപ്രവൃത്തികൾ 19:17 – 20*** ഉപയോഗിച്ചു കൊണ്ട്, എഫെസോസ് പട്ടണത്തിൽ സുവിശേഷത്തിന്റെ അഭിവൃദ്ധി ഉണ്ടായതെങ്ങനെയെന്ന് ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക. ................................................................

................................................................................................................ 2

2 A. ***എഫെസ്യർ 2:8*** വായിച്ചശേഷം, ***"കൃപ"*** യാൽ മാത്രമാണ് നമുക്ക് രക്ഷ പ്രാപിക്കുവാൻ കഴിയുന്നത് എന്ന് വിവരിക്കുക (കൃപയെന്നാൽ അർഹിക്കാത്ത ഇഷ്ടം ആണെന്ന് ഓർക്കുക).

................................................................................................................

................................................................................................................

B. ***"ആരും പ്രശംസിക്കാതെയിരിപ്പാൻ പ്രവൃത്തികളും കാരണമല്ല"*** എന്ന് എഴുതിയതുകൊണ്ട് പൗലോസ് എന്താണ് ഉദ്ദേശിച്ചത്? ***(എഫെസ്യർ 2:9)***

................................................................................................................ 4

................................................................................................................

3 ആദ്യം അവർ ***"ക്രിസ്തുവിനെ കൂടാതെയുള്ളവർ"*** എന്നാണ് പൗലോസ് ക്രിസ്ത്യാനികളോട് പറയുന്നത് *(2:12). 2:13* എഴുതിയശേഷം ***ക്രിസ്തുവിനെ കൂടാതെയുള്ളവർ*** എന്നതിന്റെ വിപരീത പ്രയോഗത്തിന് അടിവരയിടുക.

................................................................................................................ 2

................................................................................................................

4 "***രക്ഷയ്ക്ക് ദൈവം വലിയ വില നൽകി"*** എന്ന് ഒരാളും "***രക്ഷ തികച്ചും ദാനമാണ്"*** എന്ന് മറ്റൊരാളും പറഞ്ഞു എന്ന് വിചാരിക്കുക. ഈ രണ്ട് പ്രസ്താവനകളും സത്യമാണെന്ന് എങ്ങനെ തെളിയിക്കാം?

................................................................................................................ 4

................................................................................................................

5 പഠനത്തിൽ കൊടുത്തിരിക്കുന്നതുപോലെ തിരുവചനത്തിൽ രക്ഷയെ ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവികാലത്തിലുമായി അവതരിപ്പിച്ചിരിക്കുന്നു. ചുവടെയുള്ള വാക്യങ്ങൾ രക്ഷയുടെ ഭൂതകാലത്തിന്റേയോ വർത്തമാന കാലത്തിന്റേയോ അതോ ഭാവികാലത്തിന്റേയോ ഏതു കാലത്തിന്റെ വസ്തുതയാണ് സൂചിപ്പിക്കുന്നതെന്ന് നോക്കി അതാത് വാക്യത്തിന്റെ അടിയിൽ ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിങ്ങനെ എഴുതുക.

***തീത്തോസ് 3:5*** ........................... ***റോമർ 5:9*** .......................... ***യാക്കോബ് 1:21*** .......................... 5

***2 തിമോഥെയോസ് 1:9*** ............................. ***റോമർ 13:11*** .............................

6 "***ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെയിരുന്നാൽ നാം എങ്ങനെ തെറ്റിയൊഴിയും'*** എന്ന് ***എബ്രായർ 2:3*** ഉന്നയിക്കുന്നു.

A. ഇന്ന് ആളുകൾ രക്ഷ അവഗണിക്കുന്ന ചില വഴികൾ ഏതെല്ലാം എന്ന് ഒറ്റ വാക്യത്തിൽ എഴുതുക.

................................................................................................................

................................................................................................................

B. "രക്ഷയെ അവഗണിച്ച" ആളുകൾ രക്ഷ പ്രാപിക്കുവാൻ എന്താണ് ചെയ്യേണ്ടത് എന്ന് എഴുതി വിവരിക്കുക

................................................................................................................ 4

................................................................................................................

7 ഈ പഠനത്തിൽ നിന്നും ദൈവത്തിന്റെ രക്ഷയെക്കുറിച്ച് നിങ്ങൾ എന്താണ് പഠിച്ചതെന്ന് ചുരുക്കമായി എഴുതുക.

................................................................................................................

................................................................................................................ 4

................................................................................................................

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.com